2. ശുപാർശ 38 കമ്പനിയുടെ കുഴൽക്കിണറിന്റെ ഡെലിവറി പൈപ്പിൽ ഫ്ലോമീറ്റർ ഘടിപ്പിക്കുവാനും ഓരോ പമ്പിനും പ്രത്യേകം എനർജി മീറ്റർ ഘടിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

24 (*684) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. വി. ശിവൻ കുട്ടി :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനതലത്തിലും ദേശീയ തലത്തിലുമുള്ള കായിക മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള പല കായിക താരങ്ങളും തൊഴിൽ ലഭിക്കാതെ കഷ്ടപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കായിക താരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്.

(ബി) കായിക താരങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സ്പോർട്സ് ക്വാട്ടാ നിയമന ഒഴിവുകൾ 2009 മുതൽ പ്രതിവർഷം 20 എന്നതിൽ നിന്നും 50 ആക്കി ഉയർത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ പുനഃസ്ഥാപിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി, ടൈറ്റാനിയം എന്നിവയിൽ സ്പോർട്സ് ക്വാട്ടാ നിയമനം ആരംഭിച്ചിട്ടുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly